LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട്

76 (458) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

തസ്തികകളുടെ പുനർനാമകരണം

77 (459) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണ കമ്മീഷൻ ഇലക്ഷന് മുമ്പ് നൽകിയ റിപ്പോർട്ടിലുണ്ടായിരുന്ന ചില നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്യുമെന്ന് ആദ്യ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അന്തിമ റിപ്പോർട്ടിൽ ആയത് ഉൾപ്പെടുത്തിയിരുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ ശിപാർശകൾ പരിശോധിച്ച് ശിപാർശകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാരാണ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ പുറപ്പെടുവിച്ച 10-2-2021-ലെ സ.ഉ (ആ) നമ്പർ 27/2021/ധന. ഉത്തരവിലെ പേജ് നം. 25-ൽ ഖണ്ഡിക 55 പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു സമിതി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ, 10-2-2021-ലെ സ.ഉ (ആ) നമ്പർ 27/2021/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത വിഷയങ്ങളെ സംബന്ധിച്ച് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.